പ്രതീക്ഷിക്കുന്നു. അതിനാൽ ഒരു ബൾബിന് 95 രൂപ നിരക്കിലാണ് ഉപഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. (നോൺ പേയിംഗ് വിഭാഗത്തിൽപ്പെട്ടവർക്കും 1000 W വരെ കണക്ടഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നതുമായ വിഭാഗത്തിൽപ്പെട്ടവർക്ക് 10 രൂപ നിരക്കിലാണ് ബൾബുകൾ നൽകാൻ ഉദ്ദേശിക്കുന്നത്.) ബൾബുകൾ ഒരുമിച്ച് വാങ്ങിക്കുമ്പോൾ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതിനാൽ അധിക സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നതാണ്. 2016 ജൂൺ മാസത്തോടെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അത്തൂർ മണ്ഡലം**

29 (414) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ വകുപ്പ് അത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

അത്തൂർ നിയോജകമണ്ഡലത്തിൽ 11 കെ.വി. ലൈൻ നിർമ്മാണം, 11 കെ.വി. ലൈൻ നവീകരണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ എൽ.റ്റി. ലൈൻ നിർമ്മാണം, എൽ.റ്റി. ലൈൻ നവീകരണം, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ തുടങ്ങിയ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതനുസരിച്ച് 221 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 11 കെ.വി. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട 22.79 കി.മീ.(ഒ.എച്ച്) ലൈനും 3.16 കി.മീ. യു.ജി. കേബിളുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, 30 കി.മീ എൽ.റ്റി. ത്രീ ഫേസ് ലൈനും നിർമ്മിച്ചിട്ടുണ്ട്. ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് 18 കി.മീ. 11 കെ.വി. ലൈൻ നവീകരണവും 969 കി.മീ. എൽ.റ്റി. ലൈൻ നവീകരണവും 92.6 കി.മീ. ലൈൻ കൺവേർഷനും ചെയ്തിട്ടുണ്ട്. എരമല്ലൂർ കടപ്പുറത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ജില്ലാ പർച്ചേസ് കമ്മിറ്റി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ,അത്തൂർ-മട്ടാഞ്ചേരി 66 കെ.വി. ലൈൻ റീ-കണ്ടക്ടറിംഗ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഐസ് പ്ലാന്റുകളിൽ സംഭവിക്കുന്ന വലിയ തോതിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി അത്തൂർ നിയോജകമണ്ഡലത്തിൽ ഉള്ള ഐസ് പ്ലാന്റ് ഉടമകൾക്ക്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ എനർജി



LIBRARY ARCHIVES Kerala Legislative Assembly

സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (ESCOT) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കുകയും, ഭാഗികമായ ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ ഐസ് പ്ലാന്റുകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ്**

30 (415) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് എത്ര;

(ബി) പദ്ധതിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി ഏതാണ്; ഇന്നത്തെ നിലയിൽ പദ്ധതിയുടെ പൂർണ്ണതോതിലുള്ള നിർമ്മാണ പ്രവൃത്തി ഏത് തീയതിയിൽ പൂർത്തീകരിക്കാൻ സാധ്യമാകും;

(സി) പദ്ധതിയ്ക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്നും പിന്നിട്ട വർഷങ്ങളിൽ ഓരോ വർഷവും ചെലവായ തുക എത്ര; ഈ പദ്ധതി പൂർത്തിയാക്കുന്നതിന് ഖജനാവിൽ നിന്നും ഇനിയും എത്ര തുക ചെലവഴിക്കേണ്ടതായിട്ടുണ്ട്;

(ഡി) പദ്ധതിയ്ക്ക് വേണ്ടി ഏതെല്ലാം ഏജൻസികളിൽ നിന്ന് എത്ര കോടി രൂപ വീതം വായ്പ എടുത്തിട്ടുണ്ട്; അതിന്റെ തിരിച്ചടവ് നടത്തുന്നത് ഏത് തീയതി മുതലാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് 5181.79 കോടി രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിൽ ആണ് ആലുവ മുതൽ പേട്ട വരെയുള്ള 25.612 കി.മീ. ദൈർഘ്യമുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി കമ്മിഷൻ ചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യഘട്ടമായ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) 18 കി.മീ. പൂർണ്ണസജ്ജമായി 2016 നവംബർ 1-ന് ട്രെയിൻ സർവീസ് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതിക്കുവേണ്ടി ഓരോ വർഷവും ചെലവായ തുക ചുവടെ ചേർക്കുന്നു:

2012-13 - 314.25 കോടി രൂപ

2013-14 - 234 കോടി രൂപ

2014-15 - 247 കോടി രൂപ

2015-16 - 150 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly